**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1488** **28-07-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിലെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കുട്ടികളുടെ നഗ്നചിത്രങ്ങൾ പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലാ തിരിച്ച് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ( 01/01/2011 മുതൽ 20/07/2021 വരെ) കുട്ടികളുടെ നഗ്നചിത്രങ്ങൾ പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ ജില്ലാ തിരിച്ച കണക്ക് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തു; ഇതിൽ എത്ര പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു; എത്ര സ്ഥലങ്ങളിൽ വിശദ പരിശോധന നടത്തുകയുണ്ടായി; എത്ര ഉപകരണങ്ങൾ പിടിച്ചെടുത്തു; വ്യക്തമാക്കുമോ; | (ബി) | ഇതുമായി ബന്ധപ്പെട്ട് 993 സ്ഥലങ്ങളിൽ വിശദ പരിശോധന നടത്തി 246 പേരെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിച്ചു വരുന്നു. പിടിച്ചെടുത്ത ഉപകരണങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | കുട്ടികളുടെ മനസിനും ജീവിതത്തിനും ആഴമേറിയ മുറിപ്പാടുകളുണ്ടാക്കുന്ന ഇത്തരം ഗൂഢസംഘങ്ങളെ അമർച്ച ചെയ്യുവാനും ഇവരുടെ പേരുകൾ പൊതുസമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുവാനും കർശന നിയമ വ്യവസ്ഥയിൽ ഇവരെ ഉൾപ്പെടുത്തി കഠിന ശിക്ഷവാങ്ങി നൽകുന്നതിനുമായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും, തടയുന്നതിനുമായി ഓപ്പറേഷൻ പി-ഹണ്ട് എന്ന പേരിൽ സൈബർ ഡോമിന്റെ നേതൃത്വത്തിൽ റെയ്ഡുകൾ നടത്തി കുറ്റക്കാർക്കെതിരെ സത്വര നിയമനടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇത്തരം ചതിക്കുഴികളിൽ കുട്ടികൾ വീഴാതിരിക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി സമൂഹമാധ്യമങ്ങൾ വഴിയും അല്ലാതെയും കുട്ടികളിൽ ബോധവൽക്കരണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

A). കഴിഞ്ഞ 10 വർഷത്തിനുള്ളിൽ (01/01/2011 മുതൽ 20/07/2021 വരെ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്ക്. (എ പിരിവിന്റെ അനുബന്ധം)

| ക്രമ നം. | ജില്ല | കേസുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം സിറ്റി | 25 |
| 2 | തിരുവനന്തപുരം റൂറൽ | 36 |
| 3 | കൊല്ലം സിറ്റി | 33 |
| 4 | കൊല്ലം റൂറൽ | 24 |
| 5 | പത്തനംതിട്ട | 16 |
| 6 | ആലപ്പുഴ | 14 |
| 7 | കോട്ടയം | -- |
| 8 | ഇടുക്കി | 7 |
| 9 | എറണാകുളം സിറ്റി | 32 |
| 10 | എറണാകുളം റൂറൽ | 21 |
| 11 | തൃശ്ശൂർ സിറ്റി | 46 |
| 12 | തൃശ്ശൂർ റൂറൽ | 11 |
| 13 | പാലക്കാട് | 22 |
| 14 | മലപ്പുറം | 46 |
| 15 | കോഴിക്കോട് സിറ്റി | 13 |
| 16 | കോഴിക്കോട് റൂറൽ | 10 |
| 17 | വയനാട് | 21 |
| 18 | കണ്ണൂർ സിറ്റി | 20 |
| 19 | കണ്ണൂർ റൂറൽ | 2 |
| 20 | കാസർഗോഡ് | 2 |
| 21 | റെയിൽവേയ്സ് | -- |

സെക്ഷൻ ഓഫീസർ

Scanned by CamScanner

## അനുബന്ധം

| | |
|---|---|
| Laptop | 14 |
| Smart Phone/ Mobile Phone | 409 |
| Desk Top | 4 |
| Memory Card | 20 |
| Pen Drive | 25 |
| SIM Card | 8 |
| External Hard Disc | 15 |
| Charger/Adaptor | 4 |
| Modem/ Router | 4 |
| Tablet | 2 |

സെക്ഷൻ ഓഫീസർ

Scanned by CamScanner